**POLICE** **DEPARTMENT**

**KERALA**


**No. R1-496/2025/Cyb**
Cyber Police Headquarters,
Thiruvananthapuram
✉sptele.pol@kerala.gov.in
☏04712448707
Dated. 10-02-2025


## ലേല പരസ്യം

എറണാകുളം റൂറൽ പോലീസ് ടെലി ആൻഡ് ടെക് ഓഫീസ് കോംബൌണ്ടിനുള്ളിൽ അപകടാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന രണ്ടു വൃക്ഷങ്ങൾ ( വാക മരം, വട്ട മരം ) മുറിച്ച ശേഷം ഓഫീസ് പരിസരത്ത് സൂക്ഷിച്ചു വരുന്നു. പ്രസ്തുത വിറകുതടികൾ ലേലം ചെയ്യുന്നതിനായി ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 18/02/2025 തീയതി രാവിലെ 11 മണിക്ക് ടി വിറകുതടികൾ ലേലം ചെയ്തു വിൽക്കുന്നതാണ്. ടി വിറകുതടികൾക്ക് പെരുമ്പാവൂർ റേഞ്ച് ഫോറെസ്റ്റ് ഓഫീസർ **Rs.3,625/-** വില നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നിശ്ചിത സമയത്ത് **(18/02/2025 തീയതി രാവിലെ 11.00 മണിക്ക്)** നേരിട്ട് ഹാജരാകേണ്ടതും **Rs.300/-** (മുന്നൂറു രൂപ മാത്രം ) നിരതദ്രവ്യം ലേലം തുടങ്ങുന്നതിനു അര മണിക്കൂർ മുൻപായി ബോർഡിന് മുൻപാകെ കെട്ടി വയ്‌ക്കേണ്ടതുമാണ്. ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴികെയുള്ള ലേലത്തുക മുഴുവനും മുഴുവൻ തുകയുടെ 5% ഫോറെസ്റ്റ് ഡെവലപ്മെന്റ് ടാക്സും രണ്ടും കൂടിയുള്ള തുകയുടെ 18 % സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയും ചേർത്ത് ലേല സ്ഥലത്ത് വച്ച് ലേല ബോർഡ് വശം അടച്ചു രസീത് വാങ്ങേണ്ടതാണ്.

പിന്നീട് ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ടയാൾ പോലീസ് ടെലി ആൻഡ് ടെക് ഓഫീസ് കോംബൌണ്ടിനുള്ളിൽ നിന്നും സ്വന്തം ചിലവിൽ വിറകു തടികൾ നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ലേലം കൈക്കൊണ്ടയാൾ അടച്ച നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി വിറകു തടികൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതൽ തുക ലേലത്തിൽ ലഭിക്കുകയാണെങ്കിൽ അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹാതയോ ഉണ്ടായിരിക്കുന്നതല്ല .

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേല ത്തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ ടി വിറകു തടികൾ എറണാകുളം റൂറൽ ഐ പി യുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പോലീസ് ടെലി ആൻഡ് ടെക് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

Vijayan V D IPS

Superintendent of Police
For Inspector General of Police (Cyber Operations)

| | | |
|---|---|---|
| To | : | എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, എല്ലാ ബറ്റാലിയൻ കമാണ്ടർമാർക്കും അറിവിലേക്കായി. ഡി വൈ എസ്പി ( സി ആൻഡ് ഡബ്ല്യൂ ), ഐ പി , Tele& Tech Ernakulam Rural എന്നിവർക്ക് അനന്തര നടപടികൾക്കായി. |
| Copy To | : | IP, Cyber Security for publishing the notice in the official website.<br>Sri.Subhash PA / SI, Sri.Anzar K.E, HCH 1680 AA/ CA to SP, Tele&Tech for information |

Internal Administrative Processing System iAPS KERALA POLICE